# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 802</u> | <u>12.12.2012 ൽ മറുപടിക്ക്</u>

**ആയുർവ്വേദ ആശുപത്രികളിൽ എച്ച്.ഡി. എസ്. രൂപീകരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) നേമം നിയോജകമണ്ഡലത്തിൽ പൂജപ്പുരയിലെ പഞ്ചകർമ്മ ആശുപത്രി, സ്ത്രീകളുടേയും കുട്ടികളുടേയും ആയുർവ്വേദ ആശുപത്രി എന്നിവയ്ക്ക് ആശുപത്രി വികസന സമിതി (എച്ച്.ഡി.എസ്.) കൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ; വിശദമാക്കുമോ ? | (എ) യും (ബി) യും<br>നേമം നിയോജക മണ്ഡലത്തിലെ ആയുർവ്വേദ കോളേജിനു കീഴിലുള്ള പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ആശുപത്രി വികസന സമിതിയുടെ ഒരു സബ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പൂജപ്പുര പഞ്ചകർമ്മ ആശുപത്രി യിൽ ആശുപത്രി വികസന സമിതി തിരുവനന്തപുരം ആയുർവ്വേദ കോളേജ് ആശുപത്രിയോട് ചേർന്നാണ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരം ആയുർവ്വേദ കോളേജ് ആശുപത്രി, പൂജപ്പുര പഞ്ചകർമ്മ ആശുപത്രി, പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നീ ആശുപത്രികൾക്കും ആശുപത്രി വികസന സമിതികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം ഈ മൂന്ന് ആശുപത്രികൾക്കും കൂടി ഒറ്റ ആശുപത്രി വികസന സമിതി രൂപീകരിക്കുന്ന തിനുള്ള ആയുർവ്വേദ വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശ പരിശോധിച്ചു വരുന്നു. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ